LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം അധിക തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2015 ആഗസ്റ്റ് മാസം സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ്, ബോണസ്, അഡ്വാൻസ്, പെർഫോമൻസ് അലവൻസ് എന്നിവ 2689 ജീവനക്കാർക്ക് 19779882 രൂപ അധികമായി നൽകിയിട്ടുണ്ട്. ഇതിൽ 2656 ജീവനക്കാരിൽ നിന്നും 19577574 രൂപ തിരികെ പിടിച്ചിട്ടുണ്ട്. 33 ജീവനക്കാരിൽ നിന്നുമായി 202308 രൂപ തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പെൻഷൻ വിതരണത്തിൽ അബദ്ധം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇ.ഡി.പി. സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കോ-ഓർഡിനേറ്റർ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആളല്ല. ഇ.ഡി.പി. സെന്ററിൽ സീനിയർ പ്രോഗ്രാമറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചവർ ആരും തന്നെ ടി തസ്തികയിൽ തുടരുവാൻ തയ്യാറായിട്ടില്ല. നിലവിൽ ഇ.ഡി.പി. സെന്ററിൽ പ്രോഗ്രാമിംഗ് ഒന്നും നടക്കുന്നില്ല. ആയതു കൊണ്ട് കമ്പ്യൂട്ടർ യോഗ്യതയുള്ളവരുടെ ആവശ്യമില്ല.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ ഇ.ഡി.പി. സെന്ററിന്റെ പ്രവർത്തനം മൂലം ദുരന്തം ഒന്നുമുണ്ടായിട്ടില്ല.

(ഇ) സർക്കാരിൽനിന്നും പദ്ധതി വിഹിതമായും വായ്പയായും ഗ്രാന്റായും സബ്സിഡിയായും ലഭ്യമാകുന്ന തുക കെ.എസ്.ആർ.ടി.സി.-യുടെ കണക്കുകളിൽ കൃത്യമായി രേഖപ്പെടുത്തി വരുന്നുണ്ട്.

(എഫ്) ഇ.ഡി.പി. സെന്ററിൽ ഡെപ്യൂട്ടേഷൻ വഴി സീനിയർ പ്രോഗ്രാമറെ നിയമിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇ.ഡി.പി. സെന്ററിൽ ജോലി ചെയ്യുന്ന പലരും M.C.A അടക്കമുള്ള ഉന്നത യോഗ്യതയുള്ളവരാണ്.

റോഡ് സുരക്ഷാ വാരാചരണം

373 (351) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-ൽ റോഡ് സുരക്ഷാവാരാചരണം നടന്നിരുന്നോ; ഈ വർഷത്തെ റോഡ് സുരക്ഷാവാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികൾ എന്തെല്ലാമായിരുന്നു;

(ബി) കഴിഞ്ഞ റോഡ് സുരക്ഷാവാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികളിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം പരിപാടികൾ ഇപ്രാവശ്യത്തെ റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി;

(സി) റോഡ് മര്യാദകൾ പാലിക്കാൻ യാത്രക്കാരെ ബോധവത്ക്കരിക്കാനും മര്യാദകൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും നിയമനടത്തിപ്പ് പുനഃക്രമീകരിക്കുമോ;

(ഡി) ഈ പ്രാവശ്യത്തെ വാരാചരണത്തിലെ വിവിധ ചെലവുകൾക്കായി എന്ത് തുക വേണ്ടി വന്നു?

ഉത്തരം

(എ) നടന്നിരുന്നു. 2016 ജനുവരി 9-ന് വൈകിട്ട് 3 മണിക്ക് എറണാകുളം, കളമശ്ശേരി സെന്റ് പോൾസ് കോളേജ് അങ്കണത്തിൽ വച്ച് പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നിർവ്വഹിച്ചു സുപ്രീം കോടതി റോഡ് സുരക്ഷാ സമിതിയുടെ അദ്ധ്യക്ഷൻ ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. റോഡ് സുരക്ഷാ സന്ദേശ തെരുവുനാടകം, തേർഡ് ഐ ഫോട്ടോ പ്രദർശനം, റോഡ് സുരക്ഷാ കാർട്ടൂൺ പ്രദർശനം, ലഘുലേഖ വിതരണം എന്നീ പരിപാടികൾ വിജയകരമായി സംഘടിപ്പിച്ചിരുന്നു. ഈ വർഷത്തെ മുദ്രാവാക്യം 'Road Safety- Time for Action' എന്നായിരുന്നു. ജനുവരി 10 മുതൽ 16 വരെയായിരുന്നു വാരാചരണം. വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവരുടെ പ്രാതിനിധ്യം ഉറപ്പാക്കി ബോധവൽക്കരണത്തിലൂടെയുള്ള എൻഫോഴ്സ്മെന്റ്, എൻ.സി.സി., സ്കൗട്ട്സ് & ഗൈഡ്സ്, റോഡ് സുരക്ഷാ ക്ലബ്ബുകൾ, തദ്ദേശ സ്വയംഭരണ പ്രതിനിധികൾ എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ, റോഡ് സുരക്ഷാ പ്രശ്നോത്തരി, വൈദ്യപരിശോധന, രക്തദാനക്യാമ്പ്, അവയവദാന ക്യാമ്പ്, വാഹന പരിശോധനയ്ക്കിടെ നിയമം പാലിക്കുന്നവരെ അഭിനന്ദിക്കുക, നിയമലംഘകരെ ബോധവൽക്കരിച്ച് പിഴ ഈടാക്കുക തുടങ്ങിയ പരിപാടികൾ വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

(ബി) റോഡ് സുരക്ഷാ സന്ദേശ തെരുവുനാടകം, ചിത്രപ്രദർശനം, ചിത്രരചന, നിശ്ചല ദൃശ്യം, പരിക്കേറ്റവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന ഒത്തുചേരൽ എന്നീ പരിപാടികൾ സംഘടിപ്പിച്ചു.

(സി) നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടിൽനിന്നും 17.50 ലക്ഷം രൂപ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

GPM. 2/237/2020-115

LIBRARY ARCHIVES Kerala Legislative Assembly